## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് 2001-02 വർഷ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 2(12)-ന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.31/14/തസ്വഭവ. തിരുവനന്തപുരം, തീയതി: 02/01/2014

പരാമർശം:- 1) 28/01/2013-ലെ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഇ 6-945/13-ാം നമ്പർ കത്ത്.

2) 05/12/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്/പി.റ്റി1/12380/13-ാം നമ്പർ കത്ത്.

## ഉത്തരവ്

കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2001-02 വർഷ ആഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 2(12) പ്രകാരം പദ്ധതി നിർവ്വഹണത്തിന് സർക്കാർ നിർദ്ദേശിച്ചതിലും അധികം ചെലവഴിച്ച 23,980/- രൂപ (ഇരുപത്തി മൂവായിരത്തി തൊള്ളായിരത്തി എൺപത് രൂപ മാത്രം) ആഡിറ്റ് നിരാകരിച്ചിരുന്നു.

പദ്ധതി നിർവ്വഹണ സമയത്ത് അച്ചടിച്ചെലവ് വർദ്ധിച്ചതിനാലും മറ്റ് അധികച്ചെലവ് ആകസ്മികമായി വന്നതിനാലും സർക്കാർ നിർദ്ദേശിച്ചതിലും അധികം ചെലവഴിച്ച ടി തുകയ്ക്ക് സാധൂകരണം നൽകാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശ എന്നിവ സഹിതം കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായാണ് ചെലവ് ചെയ്തതെങ്കിലും ജനകീയാസൂത്രണ നടത്തിപ്പുമായി ബന്ധപ്പെട്ടാണ് ചെലവുകൾ വന്നിട്ടുള്ളത് എന്നത് പരിഗണിച്ചും ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശ പരിഗണിച്ചും ഭാവിയിൽ സർക്കാർ നിർദ്ദേശം പാലിച്ചേ ചെലവ് ചെയ്യാവൂ എന്ന കർശന നിർദ്ദേശത്തോടെ പ്രസ്തുത ചെലവിന് സാധൂകരണം നൽകാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2001-02 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2(12)-ൽ ആഡിറ്റ് തടസ്സപ്പെടുത്തിയ 23,980/- (ഇരുപത്തി മൂവായിരത്തി തൊള്ളായിരത്തി

എൺപത് രൂപ മാത്രം) രൂപയ്ക്ക് ഭാവിയിൽ സർക്കാർ നിർദ്ദേശമനുസരിച്ച് മാത്രമേ ചെലവ് ചെയ്യാവൂ എന്ന കർശന നിർദ്ദേശത്തോടെ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രസന്നകുമാരി. എം.സി,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ